പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2666

19.7.2011 ൽ
മറുപടിയ്ക്ക്

## കുറ്റ്യാട്ടൂരിൽ മാവേലി സ്റ്റോർ ആരംഭിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജെയിംസ് മാത്യു : | ശ്രീ. റ്റി.എം. ജേക്കബ് (ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) തളിപ്പറമ്പ് മണ്ഡലത്തിലെ കുറ്റ്യാട്ടൂർ പഞ്ചായത്തിലെ കാരാറച്ചിൽ മാവേലി സ്റ്റോർ അനുവദിക്കുന്നതിനായി കെട്ടിട സൗകര്യങ്ങൾ ഒരുക്കുന്നതിനും കമ്പ്യൂട്ടറിന്റെ പണം അടയ്ക്കുന്നതിനുമായി പഞ്ചായത്തിന് നിർദ്ദേശം നൽകിയിരുന്നോ;<br><br>ബി) ഇതിൻപ്രകാരം പഞ്ചായത്ത് പ്രത്യേക കെട്ടിട സൗകര്യം ഒരുക്കിയതും കമ്പ്യൂട്ടറിന്റെ കാശടയ്ക്കുന്നതിന് പ്രോജക്ടിൽ പണം വകയിരുത്തിയതും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;<br><br>സി) എങ്കിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള കാലതാമസം വ്യക്തമാക്കാമോ ; | (എ) യും (ബി) യും (സി) യും<br><br>മാവേലി സ്റ്റോർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സാദ്ധ്യതാപഠനം നടത്തുന്നതിനായി അനുയോജ്യമായ സ്ഥലത്ത് 500 ചതുരശ്രയടിയിൽ കുറയാത്ത കെട്ടിടവും കമ്പ്യൂട്ടർ സൗകര്യങ്ങളുടെയും ലഭ്യത പഞ്ചായത്തിനോട് ആരാഞ്ഞിരുന്നു. പക്ഷെ 400 ച.അടി വിസ്തീർണ്ണമുള്ള കെട്ടിടമാണ് ഗ്രാമപഞ്ചായത്ത് കണ്ടെത്തിയത്. കമ്പ്യൂട്ടർ സൗകര്യം ഒരുക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്നും 16.9.09-ാം തീയതിയിലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു. മുൻപ് കണ്ടെത്തിയ മുറിയുടെ തൊട്ടടുത്തുള്ള മുറി കൂടി ലഭ്യമാണെന്ന് പഞ്ചായത്ത് പ്രസിഡന്റ് പിന്നീട് അറിയിച്ചുവെങ്കിലും കെട്ടിടത്തിന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റും കെട്ടിട ഉടമയുടെ സമ്മത പത്രവും 17.2.2011-ാം തീയതിയിലാണ് ലഭിച്ചത്. |
| ഡി) കാലതാമസവും സാങ്കേതിക തടസ്സവും ഒഴിവാക്കി അടിയന്തിരമായി മാവേലി സ്റ്റോർ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ? | ഡി) പ്രസ്തുതപഞ്ചായത്തിൽ തന്നെ ചട്ടുകപ്പാറ എന്ന സ്ഥലത്ത് ഒരു മാവേലി സ്റ്റോറും 5 കി.മി ചുറ്റളവിലായി മയ്യിൽ എന്ന സ്ഥലത്ത് സപ്ലൈകോയുടെ ഒരു സൂപ്പർ മാർക്കറ്റും പ്രവർത്തിച്ചു വരുന്നു. നിലവിൽ സപ്ലൈകോയുടെ ഔട്ട്ലെറ്റുകളില്ലാത്ത പഞ്ചായത്തുകൾക്കാണ് ഇപ്പോൾ മുൻഗണന നൽകി വരുന്നത്. ജീവനക്കാരുടെ അപര്യാപ്തതയും ഒരു പ്രധാന കാരണമാണ്. |

സെക്ഷൻ ഓഫീസർ